"സംസ്ഥാനത്തിന് പുറത്തുള്ള സർക്കാർ ഭൂമിയുടേയും
കെട്ടിടങ്ങളുടേയും പാട്ട/വാടക കുടിശ്ശിക"

22 [636] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് അധീനതയിലും ഉടമസ്ഥതയിലുമുള്ള ഏതെല്ലാം സ്ഥലങ്ങൾ സംസ്ഥാനത്തിന് വെളിയിലുണ്ട്;

(ബി) അവയ്ക്ക് നിലവിലുള്ള പാട്ടത്തുക എത്ര; സർക്കാർ പ്രഖ്യാപിച്ച പുതുക്കിയ ഉത്തരവിൻപ്രകാരമുള്ള പാട്ടത്തുക എത്ര;

(സി) ന്യൂഡൽഹിയിലെ കേരളാ ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തല പ്ലോട്ട്, പ്രഗതി മൈതാൻ എന്നിവടങ്ങളിൽ എത്ര സ്ഥലം ആർക്കെല്ലാം എന്തു തുകയ്ക്ക് ലീസിന് നൽകിയിട്ടുണ്ട്; അതിൽ എത്ര തുക കുടിശ്ശികയുണ്ട്; ഇപ്പോൾ പുതുക്കിയ ലീസ് തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) തമിഴ്നാട്ടിലെ തുള്ളോക്ക് ഗാർഡൻസ്, കുറ്റാലം, തക്കലയിലെ പത്മനാഭപുരം കൊട്ടാരം എന്നിവിടങ്ങളിൽ എത്ര സ്ഥലം എന്തു തുകയ്ക്ക് ആർക്കെല്ലാം ലീസിന് നൽകിയിട്ടുണ്ട്; എന്ത് തുക പിരിഞ്ഞു കിട്ടാനുണ്ട്; ഇപ്പോൾ സർക്കാർ പുതുക്കി നിശ്ചയിച്ച ലീസ് തുക എത്ര; വിശദാംശം വ്യക്തമാക്കുമോ;

(ഇ) കേരളാ ഹൗസ് കോമ്പൗണ്ടിന്റെ രേഖകളിൻപ്രകാരമുള്ള യഥാർത്ഥ വിസ്തൃതി എത്ര; ഇപ്പോൾ എത്രയുണ്ട്; ലീസിന് ലഭിച്ചവർ കൈക്കലാക്കിയ ഭൂമി എത്ര; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ട്രാവൻകൂർ ഹൗസ് കോമ്പൗണ്ടിലെ കെട്ടിടങ്ങളുടെ വാടക എത്ര; സർക്കാർ സ്ഥലത്തെ കെട്ടിടങ്ങളുടെ വാടക പുതുക്കാൻ എന്തു നടപടികൾ സ്വീകരിച്ചു;

(ജി) കപൂർത്തല ഹൗസിന് എത്ര വാടക കുടിശ്ശികയുണ്ട്; ഇതു പിരിച്ചെടുക്കാൻ എന്തു നടപടികൾ സ്വീകരിച്ചു;

(എച്ച്) പ്രഗതി മൈതാൻ വാടകയ്ക്ക് കൊടുത്ത വകയിൽ എത്ര തുക പിരിഞ്ഞു കിട്ടാനുണ്ട്; തുക പിരിച്ചെടുക്കാൻ എന്തു നടപടികൾ സ്വീകരിച്ചു?

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റിന്റെ അധീനതയിൽ ഡൽഹി, മുംബൈ, ചെന്നൈ, കന്യാകുമാരി ജില്ല എന്നിവിടങ്ങളിൽ സ്ഥലങ്ങൾ ഉണ്ട്.

(ബി) (1) മുംബൈയിലുള്ള സ്ഥലം (2000 സ്കയർ മീറ്റർ) ഗസ്റ്റ് ഹൗസ് നിർമ്മാണത്തിനായി കേരള സർക്കാർ മുംബൈ സിഡ്കോയിൽ നിന്നും പാട്ടത്തിന് (90 വർഷം) എടുത്തിട്ടുള്ളതാണ്. പാട്ടം പ്രീമിയം തുക 1,29,89,500 രൂപ.

(2) ചെന്നൈയിലുള്ള 55 സെന്റ് സ്ഥലം ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്.

(3) കന്യാകുമാരിയിൽ കേരള ഹൗസ് സ്ഥിതി ചെയ്യുന്ന 1.64.5 ഹെക്ടർ സ്ഥലം ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(4) ന്യൂഡൽഹിയിലെ സ്ഥലങ്ങൾ കേരള സർക്കാരിന്റെ അധീനതയിലുള്ളതാണ്. പുതുക്കിയ പാട്ടനിരക്ക് കേരളത്തിന് വെളിയിലുള്ള സ്ഥലങ്ങൾക്ക് ബാധകമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യവ്യക്തികൾക്കും പാട്ടത്തിന് നൽകിയ ഭൂമി

23 [637] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള എത്ര ഏക്കർ ഭൂമി സംസ്ഥാനത്തിനകത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും പാട്ടത്തിന് നൽകിയിട്ടുണ്ട്;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവ്യക്തികൾ തുടങ്ങിയവരുടെ കയ്യിലുള്ള ഭൂമി എത്ര തുകയ്ക്കുള്ള ലീസിനാണ് നൽകിയിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ ഭൂമി എന്ത് ആവശ്യങ്ങൾക്കാണ് ലീസിന് നൽകിയത്; ഈ ഭൂമി ആരെല്ലാമാണ് മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി മറ്റ് വ്യക്തികൾക്ക് ലീസിന് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം ലീസിന് നൽകിയിട്ടുള്ള സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികൾ അനധികൃതമായി എത്ര ഏക്കർ കയ്യടക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) വിവിധ ആവശ്യങ്ങൾക്കായി ലീസിന് നൽകിയ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ച് അധിക ലാഭം ഈടാക്കുന്നതിനാൽ ഭൂമി തിരിച്ചു പിടിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1876.7096 ഹെക്ടർ.

(ബി, സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ജില്ലാകളക്ടർമാരിൽ നിന്നും വിവരം ലഭ്യമാക്കി പരിശോധിച്ച് നിയമാനുസൃതമുള്ള അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly